# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 22 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664
www.sabarimala.kerala.gov.in
prdsabarimala2021@gmail.com

# തങ്ക അങ്കി ഘോഷയാത്ര ആറന്മുളയിൽ നിന്ന് പുറപ്പെട്ടു

മണ്ഡല പൂജയ്ക്ക് ശബരിമല അയ്യപ്പസ്വാമിക്ക് ചാർത്താനുള്ള തങ്ക അങ്കിയും വഹിച്ചു കൊ ുള്ള ഘോഷയാത്ര രാവിലെ ഏഴിന് ആറന്മുള ശ്രീപാർഥസാരഥി ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ടു.

രാവിലെ അഞ്ചു മുതൽ ഏഴുവരെ ആറന്മുള ക്ഷേത്രാങ്കണത്തിൽ തങ്ക അങ്കി ദർശിക്കാൻ അവസരമൊരുക്കിയിരുന്നു. തങ്ക അങ്കി ദർശനത്തിന് നാടിന്റെ നാനാഭാഗങ്ങളിൽ നിന്ന് ഭക്തർ എത്തിയിരുന്നു.

തങ്ക അങ്കി ഘോഷയാത്രയെ യാത്ര

അയയ്ക്കാൻ അഡ്വ. പ്രമോദ് നാരായൺ എംഎൽഎ, ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ, ജില്ലാ കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ, ദേവസ്വം ബോർഡ് അംഗം പി.എം. തങ്കപ്പൻ, മുൻ ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാർ, ദേവസ്വം ഡെപ്യൂട്ടി കമ്മീഷണർ ജി.ബൈജു, തിരുവാഭരണം കമ്മീഷണർ എസ്. അജിത്കുമാർ എന്നിവർ എത്തിയിരുന്നു. പത്തനംതിട്ട എ.ആർ. ക്യാമ്പ് അസി. കമാൻഡന്റ് സന്തോഷ്കുമാറിന്റെ നേതൃത്വത്തിൽ 60 അംഗ സായുധസംഘവും, കെ. സൈനുരാജ്, ജി. അരുൺകുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള ദേവസ്വം ബോർഡ് ഉദ്യോഗസ്ഥ സംഘവും ഘോഷയാത്രയെ അനുഗമിക്കുന്നു ്.

തിരുവിതാംകൂർ മഹാരാജാവ് ശബരിമല അയ്യപ്പസ്വാമിക്ക് മണ്ഡല പൂജയ്ക്ക് ചാർത്താനായി നടയ്ക്കു വച്ചതാണ് തങ്ക അങ്കി. തങ്ക അങ്കി ചാർത്തിയുള്ള ദീപാരാധന 25നും മണ്ഡല പൂജ 26നും നടക്കും. വിവിധ സ്ഥലങ്ങളിൽ സ്വീകരണം ഏറ്റുവാങ്ങി ഘോഷയാത്ര 25ന് പമ്പയിൽ എത്തും. ഇന്ന് രാത്രി ഏട്ടിന് ഓമല്ലൂർ ക്ഷേത്രത്തിൽ ഘോഷയാത്ര സംഘം വിശ്രമിക്കും. 25ന് വൈകിട്ട് 6.30ന് - തങ്ക അങ്കി വിഗ്രഹത്തിൽ ചാർത്തി ദീപാരാധന - 26ന് ഉച്ചയ്ക്ക് മണ്ഡലപൂജ.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.